# ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി

നം.ഇ.എ./18187/എസ്.എസ്.യു.എസ്./2019 തീയതി 03.06.2020

## പരീക്ഷാ നടത്തിപ്പുമായി സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ

### പൊതുവായ നിർദ്ദേശങ്ങൾ

1. പരീക്ഷ എഴുതുന്ന കുട്ടികൾ തമ്മിൽ സാമൂഹിക അകലം പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക.

2. പരീക്ഷ ഹാളുകൾ അണുവിമുക്തമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. കുട്ടികൾക്ക് പരീക്ഷാ ഹാളിലേക്ക് കയറുവാനും പരീക്ഷാ ഹാളിൽ നിന്നും പുറത്തു പോകാനും പ്രത്യേകം വഴികൾ ഉണ്ടാകേണ്ടതാണ്.

4. പരീക്ഷാ ഹാളിനു പുറത്ത് കുട്ടികൾ കൂട്ടം കൂടാൻ അനുവദിക്കരുത്.

5. പരീക്ഷയ്ക്ക് ആവശ്യമുള്ള സാനിറ്റൈസർ, ഗ്ലൗസ് തുടങ്ങിയവ മുൻകൂട്ടി കരുതുക.

6. തെർമൽ സ്കാനിങ്ങിൽ വ്യത്യാസം ഉള്ള കുട്ടികളെ പരീക്ഷ എഴുതാൻ അനുവദിച്ചതിനുശേഷം ആരോഗ്യകേന്ദ്രത്തിൽ പരിശോധിക്കേണ്ടതാണ്.

7. രോഗലക്ഷണമുള്ള കുട്ടികൾക്ക് 3 ലെയർ മാസ്ക് തന്നെ നൽകേണ്ടതാണ്. രോഗലക്ഷണങ്ങളുള്ള കുട്ടികൾക്കും / ഹോട്സ്പോട്ടുകളിൽ നിന്നു വരുന്ന കുട്ടികൾക്കും ഗ്ലൗസും മാസ്കും നൽകേണ്ടതാണ്. അവരെ പ്രത്യേക മുറിയിൽ ഇരുത്തി പരീക്ഷ എഴുതിക്കണം.

8. പരീക്ഷയ്ക്കു വരുന്ന കുട്ടികളുടെ വിശദവിവരങ്ങൾ ശേഖരിക്കുക. പേര്, അഡ്രസ്, മൊബൈൽ നമ്പർ, ഇപ്പോൾ താമസിക്കുന്ന വില്ലേജ്, താലൂക്ക്, ജില്ല എന്നീ വിവരങ്ങൾ രേഖപ്പെടുത്തണം.

### ഇൻവിജിലേറ്റർമാർക്കുള്ള നിർദ്ദേശങ്ങൾ

1. ട്രിപ്പിൾ ലേയർ മാസ്ക്, കൈയുറകൾ എന്നിവ നിർബന്ധമായും ധരിക്കുക.

2. കയ്യുറ ധരിക്കുന്നതിനു മുമ്പും ശേഷവും കൈ ശുചിത്വം ഉള്ളതാണെന്ന് ഉറപ്പാക്കുക.



Scanned by CamScanner

3. ഹാൾടിക്കറ്റ്, അഡീഷണൽ ഷീറ്റ് ഇവയിൽ ഒപ്പിടേണ്ടതില്ല.

4. കുട്ടികൾ ഹാജർ ഷീറ്റിൽ ഒപ്പിടേണ്ടതില്ല. ഇൻവിജിലേറ്റർ കുട്ടികളുടെ ഹാജർ നോക്കി ഹാജർ ഷീറ്റിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയാൽ മതിയാകും.

5. പരീക്ഷ എഴുതിത്തീർന്നതിനുശഷം കുട്ടികൾ തന്നെ ഉപയോഗിക്കാത്ത ഉത്തരക്കടലാസിന്റെ പേജുകൾ ഇരട്ടവര കൊണ്ട് മാർക്ക് ചെയ്തു 'ക്യാൻസൽഡ്' എന്ന് എഴുതുക. ബാക്കിഭാഗം കോണോട് കോൺ വരച്ച് ക്യാൻസൽ ചെയ്യിക്കണം.

6. കുട്ടികൾ പേന, തുടങ്ങി ഒരു സാധനങ്ങളും കൈമാറ്റം ചെയ്യുന്നില്ല എന്ന് ഉറപ്പുവരുത്തണം.

7. ഗ്ലൗസ് ഉപയോഗിച്ചതിന് ശേഷം പരീക്ഷാകേന്ദ്രത്തിൽ പ്രത്യേകം സൂക്ഷിച്ചിട്ടുള്ള ബാഗിൽ നിക്ഷേപിക്കുക

8. പരീക്ഷ എഴുതിത്തീർന്നതിനു ശേഷമുള്ള ഉത്തരക്കടലാസുകൾ, തന്നിട്ടുള്ള സിവി കവറുകളിൽ ആണ് സൂക്ഷിക്കേണ്ടത്. അത് കുട്ടികൾ തന്നെ രജിസ്റ്റർ നമ്പർ ക്രമത്തിൽ സി.വി. കവറുകൾക്കകത്തേക്ക് വയ്ക്കുന്ന രീതി ആയിരിക്കും അഭികാമ്യം.

9. കുട്ടികൾക്ക് കുടിവെള്ളം ക്ലാസിൽ കൊണ്ടുവരാൻ അനുവാദം ഉണ്ട് . എന്നാൽ ഒരു കാരണവശാലും അത് കൈമാറ്റം ചെയ്യാൻ അനുവദിക്കരുത്.

10. ചീഫ് സൂപ്രണ്ടിന്റെ നിർദേശാനുസരണം മാത്രമേ കുട്ടികളെ ക്ലാസ് റൂമിൽ നിന്ന് പുറത്തേക്ക് പോകാൻ അനുവദിക്കാവൂ.

11. ഓരോ ക്ലാസിലെ കുട്ടികളെയും വരിയായി പുറത്തേക്ക് വിടേണ്ടതാണ്. പരീക്ഷ കഴിഞ്ഞതിനു ശേഷം കുട്ടികൾ ക്യാമ്പസിൽ നിൽക്കുവാൻ അനുവദിക്കേണ്ടതില്ല.

**ചീഫ് സൂപ്രണ്ടുമാർക്കുള്ള നിർദ്ദേശങ്ങൾ**

1. ക്ലാസ് റൂമുകൾ, പരീക്ഷയ്ക്കായി കുട്ടികൾ വരുമ്പോഴും പോകുമ്പോഴും ഉള്ള ക്രമീകരണങ്ങൾ, ക്വാറന്റീൻ, ഹോട്ട്സ്പോട്ട്, എന്നിവിടങ്ങളിൽ നിന്നുള്ള വിദ്യാർഥികളുടെ പ്രത്യേക പരീക്ഷാമുറി, തുടങ്ങിയവ ഉൾക്കൊള്ളുന്ന മൈക്രോ പ്ലാൻ നേരത്തെ തന്നെ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

2. കുട്ടികളോടും ഇൻവിജിലേറ്റർമാരോടും പരീക്ഷയ്ക്ക് അര മണിക്കൂർ മുമ്പു തന്നെ പരീക്ഷാകേന്ദ്രങ്ങളിൽ എത്തിച്ചേരാൻ ആവശ്യപ്പെടുക

3. എല്ലാ ഇൻവിജിലേറ്റർമാർക്കും മൂന്നു ലെയർ ഉള്ള മാസ്കും ഗ്ലൗസും നൽകുക.

4. തിരികെ കൊണ്ടുവരുന്ന ഗ്ലൗസ് പ്രത്യേകം പ്ലാസ്റ്റിക് ബാഗുകളിൽ സുരക്ഷിതമായി സൂക്ഷിക്കുകയും പിന്നീട് നശിപ്പിച്ചു കളയുകയും വേണം.



Scanned by CamScanner

5. പോലീസിനും ആരോഗ്യ വിഭാഗത്തിനും, തദ്ദേശ സ്വയംഭരണ സ്ഥാപന ത്തിനും സേവനം ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് നൽകിയിരിക്കണം.

6. ഉത്തരക്കടലാസുകൾ പ്രത്യേക കവറിൽ സൂക്ഷിക്കണം. സർവ്വകലാശാലാ നിർദ്ദേശാനുസരണം ഇത് സർവ്വകലാശാലയിലേക്ക് അയക്കേണ്ടതാണ്.

7. ഓരോ ക്ലാസിലും പരീക്ഷയ്ക്ക് ഇരുന്ന കുട്ടികളുടെ പേരും, രജിസ്റ്റർ നമ്പറും, ഫോൺ നമ്പറും കൃത്യമായി സൂക്ഷിക്കണം. ഏതെങ്കിലും അടിയന്തിര സാഹച ര്യത്തിൽ ഒരാളോട് ബന്ധപ്പെട്ട മറ്റു കുട്ടികളെ കണ്ടെത്താനാണിത്.

**<u>പരീക്ഷാകേന്ദ്രം മാറിവന്ന കുട്ടികളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ</u>**

മാറ്റം ലഭിച്ച കുട്ടികൾ ഹാൾടിക്കറ്റ്, ഐഡന്റിറ്റി കാർഡ് എന്നിവ സഹിതമാണ് പ്രാദേശിക കേന്ദ്രത്തിൽ എത്തിച്ചേരേണ്ടത്. ഏതെങ്കിലും കുട്ടിയുടെ കൈവശം ഹാൾ ടിക്കറ്റ് ഇല്ലെങ്കിൽ പരീക്ഷാകേന്ദ്രവുമായി ബന്ധപ്പെട്ട് ഇ-മെയിൽ മുഖാന്തിരം കേന്ദ്രത്തി ലേക്ക് ഹാൾ ടിക്കറ്റ് അയച്ചു കിട്ടിയ ശേഷം പ്രിന്റൗട്ട് എടുത്ത് കുട്ടിക്ക് നൽകി പരീ ക്ഷയ്ക്ക് ഇരിക്കാൻ അനുവദിക്കേണ്ടതാണ്.

**<u>പ്രത്യേക റൂമിലെ കുട്ടികളുമായി ബന്ധപ്പെട്ട കാര്യങ്ങൾ</u>**

ഈ കുട്ടികളുടെ ഉത്തരപ്പേപ്പറുകൾ പ്ലാസ്റ്റിക് കവറിൽ കെട്ടി സീൽ ചെയ്യേണ്ടതാണ്. ഇവരുടെ രജിസ്റ്റർ നമ്പറുകൾ CV കവറിൽ ബ്രേക്കായി രേഖപ്പെടുത്തണം. പ്ലാസ്റ്റിക് കവർ തുറക്കാതെ പ്രത്യേക CV കവറിലാക്കി സിവി കവറിന് പുറത്ത് പ്രസ്തുത കുട്ടികളുടെ രജിസ്റ്റർ നമ്പർ രേഖപ്പെടുത്തണം.

**<u>സാധാരണ കുട്ടികളുടെ ഉത്തരക്കടലാസുകൾ ശേഖരിക്കൽ</u>**

സാധാരണഗതിയിൽ കുട്ടികളുടെ ഉത്തരക്കടലാസുകൾ പേപ്പർ ബാഗിലാണ് ശേഖരിക്കേണ്ടത്. ഇതിനായി ഒരു ക്ലാസിൽ ഒന്നോ രണ്ടോ സിവി കവറുകൾ ഇൻവിജിലേറ്റർമാർക്ക് നൽകേണ്ടതാണ്.

3/6/2020

**പ്രൊ-വൈസ്-ചാൻസലർ**



Scanned by CamScanner